**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് - കന്നുക്കുട്ടി പരിപാലനം എന്ന പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2396/14/തസ്വഭവ                    തീയതി, തിരുവനന്തപുരം, 16.09.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 28.10.2013 ലെ 16163/ഡിപി2/13/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലെ സിഎജിയുടെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിൽ ബ്ലോക്ക് പഞ്ചായത്ത് ടി കാലയളവിൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിൽപെടാത്ത ഒന്നാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ നാമമാത്രമായി മാത്രമേ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാറുണ്ടായിരുന്നുള്ളൂ എന്നതിനാലും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുകഴിഞ്ഞ സ്ഥിതിക്കും ടി പദ്ധതിക്ക് ചെലവഴിച്ച തുകകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

| വർഷം | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|---|
| 2007-2008 | എസ്.04/07-08 | 7,45,860.00 |
| 2008-2009 | എസ്.07/08-09 | 8,50,000.00 |
| 2009-2010 | എസ്.09/09-10 | 9,52,889.00 |
| 2010-2011 | എസ്.10/10-11 | 8,15,000.00 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 2007-08 മുതൽ 2011-12 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ പദ്ധതി എന്ന നിലയ്ക്കും, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചു കഴിഞ്ഞ സ്ഥിതിയ്ക്കും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥന കണക്കിലെടുത്ത് സിഎജിയുടെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 'കന്നുകുട്ടി പരിപാലനം' എന്ന പ്രോജക്ടിന് 2007-08 മുതൽ 2011-12 വരെ ചെലവഴിച്ച് തുകകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ചവറ ബ്ലോക്ക് പഞ്ചായത്ത്, ഇത്തിക്കര, ചാത്തന്നൂർ പി.ഒ, കൊല്ലം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ